ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ തുടർച്ചയായ മൂന്നാം തവണയും കേന്ദ്രത്തിൽ എൻ ഡി എ സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മന്ത്രിസഭയിൽ 72 അംഗങ്ങൾ.

   **Narendra Modi Takes Oath As Prime Minister Of India For Third Consecutive Term; There are 72 members in the cabinet.**

2. പ്രധാനമന്ത്രിയ്ക്കൊപ്പം 30 ക്യാബിനറ്റ് മന്ത്രിമാരും, സ്വതന്ത്ര ചുമതലയുള്ള അഞ്ച് സഹമന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. രാജ് നാഥ് സിംഗ്, അമിത് ഷാ, ജെ പി നഡ്ഡ, നിധിൻ ഗഡ്കരി, എസ് ജയ് ശങ്കർ തുടങ്ങിയവർ കേന്ദ്രമന്ത്രിമാർ; സഹമന്ത്രിമാരായി കേരളത്തിൽ നിന്ന് സുരേഷ് ഗോപിയും ജോർജ് കുര്യനും മന്ത്രിസഭയിൽ.

   **Along with the Prime Minister, 30 cabinet ministers and five ministers of state with independent charge were also sworn in. Rajnath Singh, Amit Shah, JP Nadda, Nitin Gadkari and S Jaishankar are sworn in as union ministers. Suresh Gopi and George Kurien from Kerala have been inducted as ministers of state in the cabinet.**

3. മന്ത്രിസഭയിൽ 7 വനിതകൾ; നിർമ്മലാ സീതാരാമനും, അന്നപൂർണ്ണ ദേവിയും ക്യാബിനറ്റ് പദവിയുള്ള വനിതാ മന്ത്രിമാർ.

   **7 women in cabinet; Nirmala Sitharaman and Annapurna Devi are the two women ministers with cabinet rank.**

4. രാഷ്ട്രപതി ഭവനിൽ നടന്ന പ്രൗഢഗംഭീരമായ സത്യപ്രതിജ്ഞാ ചടങ്ങിൽ വിശിഷ്ടാതിഥികളായി വിദേശ രാഷ്ട്രത്തലവന്മാരും.

   **Several leaders from neighbouring countries and the Indian Ocean region attended the swearing-in ceremony.**

5. സിക്കിമിൽ പ്രേം സിങ് തമാങ് മുഖ്യമന്ത്രിയായി നാളെ സത്യപ്രതിജ്ഞ ചെയ്യും; ഒഡിഷയിൽ ബിജെപി മന്ത്രിസഭ ബുധനാഴ്ച അധികാരമേൽക്കും.

**Prem Singh Tamang to take oath as Chief Minister of Sikkim tomorrow; The BJP government in Odisha will be sworn in on Wednesday.**

6. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിനു നാളെ തുടക്കം.

**The 11th session of the 15th Kerala Assembly will begin tomorrow.**

&&&&&&&&&&&&&&&&&&&&&&&&

## PM- SWEARING IN CEREMONY -1

ബിജെപി നേതാവ് ശ്രീ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ തുടർച്ചയായ മൂന്നാം തവണയും കേന്ദ്രത്തിൽ എൻ ഡി എ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാഷ്ട്രപതിഭവനിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കൊപ്പം 71 മന്ത്രിമാർക്കും രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാതകം ചൊല്ലിക്കൊടുത്തു.

(പി എം ഹോൾഡ് വോയിസ്)

മന്ത്രിമാരിൽ 30 പേർ ക്യാബിനറ്റ് പദവിയുള്ളവരും 05 പേർ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിമാരുമാണ്. ബിജെ പി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ, രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻ ഗഡ്കരി, ശിവരാജ് സിംഗ് ചൗഹാൻ, നിർമല സീതാരാമൻ, എസ് ജയ് ശങ്കർ, മനോഹർലാൽ, പീയൂഷ് ഗോയൽ, ധർമേന്ദ്രപ്രധാൻ, സർബാനന്ദ സോനോവാൾ, വീരേന്ദ്രകുമാർ, പ്രൽഹാദ് ജോഷി, ജുവൽ ഒറാം, അശ്വനി വൈഷ്ണവ്, ജ്യോതിരാദിത്യ സിന്ധ്യ, ഭൂപേന്ദ്ര യാദവ്, ഗജേന്ദ്ര സിംഗ് ശെഖാവത്ത്, അന്നപൂർണ്ണ ദേവി, കിരൺ റിജിജു, ഹർദീപ് സിംഗ് പുരി, മൻസുഖ് മണ്ഡവ്യ, ജി കിഷൻ റെഡ്ഡി, സി ആർ പാട്ടീൽ, റാവു ഇന്ദ്രജീത് സിംഗ്, ജിതേന്ദ്ര സിംഗ്, അർജുൻ റാം മേഘ്വാൾ, ജിതിൻ പസാദ, ശ്രീ പദ് യസ്സോ നായക്, പങ്കജ് ചൗധരി, കൃഷൻ പാൽ, നിത്യാനന്ദ റായ്, വി സോമണ്ണ, എസ് പി സിങ്, ശോഭ കലന്തലാജെ, കീർത്തി വർധൻ സിംഗ്, ബി എൽ വർമ, ശാന്തനു താക്കൂർ, സുരേഷ് ഗോപി, എൽ മുരുകൻ, അജയ് തംത, ബണ്ടി സഞ്ജയ് കുമാർ, കമലേഷ് പാസ്വാൻ, ഭഗീരഥ് ചൗധരി, സതീഷ് ചന്ദ്ര ദുബെ, സഞ്ജയ് സേട്, രവ്നീത് സിംഗ്, ദുർഗാ ദാസ് യൂക്കെ, രക്ഷാ ഖഡ്സെ, സുകാന്ത മജുംദാർ, സാവിത്രി

താക്കൂർ, തോഖൻ സാഹു, രാജ്ഭൂഷൺ ചൗധരി, ഭൂപതി രാജു ശ്രീനിവാസ വർമ, ഹർഷ് മൽഹോത്ര, നിമുബെൻ ബാംഭണിയ, മുരളീധർ മൊഹോൾ, ജോർജ്ജ് കുര്യൻ, പവിത്ര് മാർഗരിറ്റ എന്നിവർ ബിജെപിയിൽ നിന്നും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. ഘടകകക്ഷികളിൽ നിന്നും എച്ച് ഡി കുമാരസ്വാമി, ജീതൻ റാം മാഞ്ചി, രാജീവ് രഞ്ചൻ സിംഗ്, രാം മോഹൻ നായിഡു, ചിരാഗ് പാസ്വാൻ, പ്രതാപ് റാവു ഗെൺപത് റാവു ജാഥവ്, ജയന്ത് ചൗധരി, രാംദാസ് ആഠ്വലെ, രാം നാഥ് ഠാക്കൂർ, അനുപ്രിയ പട്ടേൽ, ചന്ദ്രശേഖർ പെമ്മസാനി എന്നിവർ മന്ത്രിമാരായി. മന്ത്രിസഭയിൽ ആകെ 7 വനിതാ മന്ത്രിമാരാണ് ഉള്ളത്. ഇവരിൽ നിർമ്മലാ സീതാരാമനും, അന്നപൂർണ്ണാ ദേവിയും ക്യാബിനറ്റ് പദവിയിലുള്ള മന്ത്രിമാരാണ്. രാഷ്ട്പതി ഭവനിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ധീപ് ധൻകർ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രാഷ്ട്രീയ - സാമൂഹിക- സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരും പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&

## SURSH GOPI+ GEORGE KURIAN -INTRO

മൂന്നാം നരേന്ദ്രമോദി സർക്കാരിൽ രണ്ട് മലയാളികളും. തൃശൂരിൽനിന്ന് മുക്കാൽ ലക്ഷത്തോളം വോട്ടുകൾക്കു ജയിച്ച ചലച്ചിത്രനടൻ കൂടിയായ സുരേഷ് ഗോപിയും ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ജോർജ് കുര്യനുമാണ് കേന്ദ്ര സഹമന്ത്രിമാരായി ഇന്നു സത്യപ്രതിജ്ഞ ചെയ്തത്. ശ്രീ സുരേഷ് ഗോപി 52-ാമനായി ഇംഗ്ലീഷിൽ ദൈവനാമത്തിലാണ് സത്യവാചകം ചൊല്ലിയത്. ജോർജ്ജ് കുര്യൻ 71-ാമനായി സത്യപ്രതിജ്ഞ ചെയ്തു.

ഒരു റിപ്പോർട്ട്
(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&

## SURESH GOPI+ GEORGE KURIAN- VOICE

ആലപ്പുഴ സ്വദേശിയായ ശ്രീ സുരേഷ് ഗോപി 2016ലാണ് എൻഡിഎയിൽ അംഗമായത്. എൻഡിഎ സ്ഥാനാർഥിയായി തൃശൂരിൽ നിന്ന് 2019ൽ ലോക്സഭയിലേക്കും 2021ൽ നിയമസഭയിലേക്കും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. പിന്നീട് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 65കാരനായ ശ്രീ സുരേഷ് ഗോപി ഇത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശൂർ മണ്ഡലത്തിൽനിന്ന് 74,686 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ബിജെപിക്കായി കേരളത്തിൽ ഇതാദ്യമായി അക്കൗണ്ട് തുറന്നു. ചലച്ചിത്ര മേഖലയിൽ സംസ്ഥാന- ദേശീയ പുരസ്കാരങ്ങൾ

ഉൾപ്പെടെ നിരവധി അംഗീകാരങ്ങളും ശ്രീ സുരേഷ് ഗോപി നേടിയിട്ടുണ്ട്. നാലരപ്പതിറ്റാണ്ടായി ബിജെപിയിൽ സജീവമാണ് 63കാരനായ അഡ്വ. ജോർജ് കുര്യൻ. കോട്ടയം കാണക്കാരി സ്വദേശിയായ അദ്ദേഹം നിലവിൽ ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറിയാണ്. ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ, ദേശീയ നിർവാഹക സമിതി അംഗം, സംസ്ഥാന വക്താവ്, ദേശീയ ന്യൂനപക്ഷ കമ്മീഷൻ ഉപാധ്യക്ഷൻ, യുവമോർച്ച ദേശീയ ഉപാധ്യക്ഷൻ തുടങ്ങി നിരവധി ചുമതലകളും വഹിച്ചിട്ടുണ്ട്. 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പുതുപ്പള്ളിയിൽ ബിജെപി സ്ഥാനാർഥിയായിരുന്നു ശ്രീ ജോർജ് കുര്യൻ.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&&&&&

## PM- SWEARING-IN CEREMONY- 2

വിവിധ രാഷ്ട്രത്തലവന്മാർ ഉൾപ്പെടെയുള്ള നേതാക്കൾ സത്യപ്രതിജ്ഞാ ചടങ്ങിൽ വിശിഷ്ടാതിഥികളായി. ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ, മാലിദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡന്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നോഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പകമൽ ദാഹാൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗേ തുടങ്ങിയ പ്രമുഖ വിദേശനേതാക്കൾ സത്യപ്രതിജ്ഞച്ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&

## PM – RAJGHAT

സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി ശ്രീ നരേന്ദ്രമോദി ന്യൂഡൽഹിയിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## PM TEA PARTY

നേരത്തെ, ഡൽഹിയിൽ ശ്രീ നരേന്ദ്രമോദിയുടെ വസതിയിൽ നേതാക്കൾക്കായി ചായസൽക്കാരം നടത്തി. ബിജെപി നേതാക്കളായ അമിത് ഷാ, ജെ പി നഡ്ഡ, എസ് ജയ്ശങ്കർ, നിർമല സീതാരാമൻ, നിതിൻ ഗഡ്കരി, ധർമേന്ദ്ര പ്രധാൻ, പീയൂഷ് ഗോയൽ, ജോതിരാദിത്യ സിന്ധ്യ, കിരൺ റിജിജു, എൽജെപി രാംവിലാസ് പക്ഷ നേതാവ് ചിരാഗ് പാസ്വാൻ തുടങ്ങിയവർ സൽക്കാരത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&

## DELHI – SECURITY

സത്യപ്രതിജ്ഞാ ചടങ്ങിന്റെ പശ്ചാത്തലത്തിൽ രാജ്യതലസ്ഥാനത്ത് കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയത്. വിദേശ രാഷ്ട്രത്തലവന്മാരും പ്രതിനിധികളും പങ്കെടുക്കുന്നതിനാൽ ത്രിതല സുരക്ഷാ സംവിധാനം ഒരുക്കി. നഗരത്തിൽ പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാങ് ഗ്ലൈഡറുകൾ, ഡ്രോണുകൾ, ഹോട്ട് എയർ ബലൂണുകൾ എന്നിവ പറത്തുന്നത് നിരോധിച്ചു. നാളെയും നിരോധനം തുടരും.

&&&&&&&&&&&&&&&&&&

## SIKKIM-SWEARING

സിക്കിം മുഖ്യമന്ത്രിയായി പ്രേം സിങ് തമാങ് നാളെ സത്യപ്രതിജ്ഞ ചെയ്യും. ഗാങ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ വൈകിട്ട് നാലിനാണു സത്യപ്രതിജ്ഞാ ചടങ്ങ്. മുഖ്യമന്ത്രിയോടൊപ്പം മറ്റു മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കും. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുക്കും. ഇത് രണ്ടാം തവണയാണ് ശ്രീ തമാങ് മുഖ്യമന്ത്രിയാകുന്നത്.

&&&&&&&&&&&&&&&&&&

## ODISHA SWEARING

ഒഡിഷയിൽ ബിജെപി മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞാ ചടങ്ങ് ബുധനാഴ്ച നടക്കും. ഭുവനേശ്വറിലെ ജനതാമൈതാനിയിൽ സത്യപ്രതിജ്ഞാ ചടങ്ങിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. കേന്ദ്ര നിരീക്ഷകരുടെ സാന്നിധ്യത്തിൽ ബിജെപിയുടെ 78 അംഗ നിയമസഭാ കക്ഷി യോഗത്തിന് ശേഷമായിരിക്കും ചടങ്ങ്. അതേസമയം മുഖ്യമന്ത്രി ആര് എന്നത് സംബന്ധിച്ച അനിശ്ചിതത്വം തുടരുകയാണ്.

&&&&&&&&&&&&&&&&&&

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിനു നാളെ തുടക്കമാകും. പ്രധാനമായും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് സമ്മേളനം ചേരുന്നത്.

&&&&&&&&&&&&&&&&&&

## RAJEEV CHANDRASHEKHAR

18 വർഷം നീണ്ടുനിന്ന പൊതുപ്രവർത്തനം അവസാനിപ്പിക്കുന്നതായി മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. മൂന്നാം നരേന്ദ്രമോദി സർക്കാരിന് ആശംസകൾ നേരുന്നതായും 3 വർഷം പ്രധാനമന്ത്രിയോടൊപ്പം പ്രവർത്തിക്കാനായതിൽ സന്തോഷമെന്നും രാജീവ് ചന്ദ്രശേഖർ സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെയും തിരുവനന്തപുരത്തിൻറെയും വികസനത്തിനായി ബി ജെപി പ്രവർത്തകനായി തുടരുമെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&&

## SONIA CPP

കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗത്തെ ന്യൂഡൽഹിയിൽ പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി അഭിസംബോധന ചെയ്തു. പാർലമെന്റിൽ കോൺഗ്രസ് അംഗങ്ങളുടെ എണ്ണം ഗണ്യമായി വർധിച്ചതായി അവർ പറഞ്ഞു. ഐ എൻ ഡി ഐ സഖ്യത്തിന്റെ ഉയർന്ന പ്രാതിനിധ്യവും ജനാധിപത്യത്തെ സംരക്ഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കും. ഭാരത് ജോഡോ യാത്രയും ഭാരത് ജോഡോ ന്യായ് യാത്രയും പാർട്ടിക്കു കരുത്തേകിയാതായും ശ്രീമതി സോണിയ ഗാന്ധി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&&

## TRAWLING

കേരളത്തിൽ ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ. ആഴക്കടൽ മത്സ്യബന്ധനത്തിന് 51 ദിവസത്തെ അവധിനൽകുന്ന ട്രോളിങ് നിരോധനം അടുത്തമാസം 31-ന് അവസാനിക്കും. ഇതരസംസ്ഥാന മത്സ്യബന്ധന യാനങ്ങളെല്ലാം തീരം വിട്ടുപോകണമെന്ന് അധികൃതർ നിർദേശിച്ചു. ട്രോളിങ് കാലയളവിൽ മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകും.

&&&&&&&&&&&&&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ അടുത്ത നാലുദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&

## T20 CRICKET WORLD CUP

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ടോസ് നേടിയ പാകിസ്ഥാൻ, ഇന്ത്യയെ ബാറ്റിംഗിന് അയച്ചു. ന്യൂയോർക്കിലാണ് മത്സരം. ആദ്യ മത്സരത്തിൽ അമേരിക്കയോട് പരാജയപ്പെട്ട പാകിസ്ഥാന് നിർണ്ണായകമാണ് ഇന്നത്തെ മത്സരം. ഇന്ത്യ ആദ്യ മത്സരത്തിൽ അയർലൻഡിനെ തോൽപ്പിച്ചിരുന്നു. അമേരിക്ക, ക്യാനഡ, പാകിസ്ഥാൻ, അയർലണ്ട് ടീമുകൾ ഉൾപ്പെട്ട ഗ്രൂപ്പ് എ യിൽ നിലവിൽ അമേരിക്കയാണ് ഒന്നാമത്.

&&&&&&&&&&&&&&&&&&

## INTERNATIONAL ARCHIVES DAY

ചരിത്രരേഖാശേഖരങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഇന്ന് അന്താരാഷ്ട്ര ആർകൈവ്സ് ദിനം ആചരിക്കുന്നു. 2004 ലെ വിയന്ന അന്താരാഷ്ട്ര കോൺഗ്രസിന്റെ ഭാഗമായാണ് ചരിത്രരേഖാശേഖരങ്ങളുടെ പ്രാധാന്യം വിളിച്ചോതുന്നതിനായി പ്രത്യേകദിനം ആചരിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രമേയം പാസ്സാക്കിയത്. 2007-ലാണ് ജൂൺ 9 അന്താരാഷ്ട്ര ആർകൈവ്സ് ദിനമായി ആചരിക്കാൻ തീരുമാനിച്ചത്.

&&&&&&&&&&&&&&&&&&

## EU PARLIAMENT ELECTION

യൂറോപ്യൻ യൂണിയൻ പാർലമെൻ്റിലേക്കുള്ള വോട്ടെടുപ്പിന്റെ അവസാന ദിവസം ഇന്ന്. 720 അംഗ യൂറോപ്യൻ പാർലമെൻ്റിലേക്ക് 27 രാജ്യങ്ങളിൽനിന്ന് 400 ദശലക്ഷത്തിലധികം പേർക്ക് വോട്ടവകാശമുണ്ട്. യുക്രൈൻ യുദ്ധം, കുടിയേറ്റം, കാലാവസ്ഥാ നയത്തിൻ്റെ ആഘാതം എന്നിവ യൂറോപ്യൻ പാർലമെൻ്റ് തിരഞ്ഞെടുപ്പിൽ വോട്ടർമാരെ സ്വാധീനിക്കുമെന്നാണ് അന്താരാഷ്ട്ര നിരീക്ഷകരുടെ കണക്കുകൂട്ടൽ.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&